<u>പതിമൂന്നാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം.</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 295

2012 മാർച്ച് 5-ന്
മറുപടി പറയേണ്ടത്

<u>വ്യാപാരി വ്യവസായി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം</u>

| ചോദ്യം | ഉത്തരം |
|---|---|
| 1. ശ്രീ.കെ.മുരളീധരൻ<br>2. ശ്രീ.പി.എ.മാധവൻ<br>3. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>4. ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വ്യാപാരി വ്യവസായി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ? | വ്യാപാരി ക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കുവാനും ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുവാനും പുനഃസംഘടിപ്പിക്കപ്പെട്ട 13/02/2012-ലെ ബോർഡിന്റെ ആദ്യ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശികയുള്ള ആനുകൂല്യ അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് ക്ലെയിംസ് കമ്മിറ്റിയും, ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനും ഭരണപരമായ പോരായ്മകൾ പരിഹരിക്കുന്നതിനുമായി സബ് കമ്മിറ്റിയും രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശിക ജോലികൾ പൂർത്തിയാക്കുന്നതിന് രണ്ടു താൽക്കാലിക ജീവനക്കാരെ ഓഫീസിൽ നിയമിച്ചിട്ടുണ്ട്. അംഗങ്ങളുടെ മക്കൾക്ക് മെരിറ്റ് സ്കോളർഷിപ്പും, അംഗങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കുന്നതിന് |

| | |
|---|---|
| | ക്ലെയിംസ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് മുഴുവൻ സമയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുവാനും ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) വാറ്റ് രജിസ്ട്രേഷനുള്ള മുഴുവൻ വ്യാപാരികളേയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; വിശദീകരിക്കാമോ ? | വാറ്റ് രജിസ്ട്രേഷനുള്ള വ്യാപാരികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നിർബന്ധമാക്കുന്നത് പരിഗണിച്ചു വരുന്നു. |
| (സി) ക്ഷേമനിധി ബോർഡിലെ ഭരണപരമായ ന്യൂനതകൾ പരിഹരിക്കുന്നതിനും ക്ഷേമനിധിയിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ? | ബോർഡ് ഓഫീസിലെ ഭരണപരമായ ന്യൂനതകൾ പഠിച്ചു പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നാലംഗ സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആനുകൂല്യങ്ങൾ നൽകുന്നതിന് ക്ലെയിംസ് കമ്മിറ്റി രൂപീകരിക്കുകയും അടിയന്തിരമായി യോഗം കൂടി കുടിശ്ശിക ഫയലുകളിൽ തീർപ്പുകല്പിക്കുവാനും തുടർന്ന് എല്ലാ മാസവും ക്ലെയിംസ് കമ്മിറ്റി കൂടുവാനും ബോർഡ് യോഗം തീരുമാനമെടുത്തിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.